## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4479** **25.06.2019 -ൽ മറുപടിയ്ക്ക്**

### ഹൈടെക് സ്കൂൾ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എം.ഉമ്മർ** | പ്രൊഫ : സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ ഹൈടെക് സ്കൂൾ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) ഉണ്ട്. ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ 44705 ക്ലാസ് മുറികളിലേയ്ക്ക് 59772 ലാപ്ടോപ്പ്, 43422 മൾട്ടിമീഡിയ പ്രൊജക്ടർ, 41794 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 41778 എച്ച്.ഡി.എം.ഐ. കേബിൾ, 40614 ഫേസ് പ്ലേറ്റ്, 23104 വൈറ്റ് സ്ക്രീൻ, 42739 യു.എസ്.ബി. സ്പീക്കർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4545 എൽ.ഇ.ഡി. ടെലിവിഷൻ (42"), 4720 എച്ച്.ഡി. വെബ് ക്യാം എന്നീ ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു. 4751 ഹൈടെക് സ്കൂളുകൾക്ക് അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കിയതോടൊപ്പം 9046 സർക്കാർ, എയ്ഡഡ് പ്രൈമറി, അപ്പർപ്രൈമറി വിദ്യാലയങ്ങൾക്കും ബ്രോഡ്ബാന്റ് ലഭ്യമാക്കിയിട്ടുണ്ട്. ഹൈടെക് സംവിധാനം 2019-20 അദ്ധ്യയന വർഷം തന്നെ പ്രൈമറി സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത ഹൈടെക് ഉപകരണങ്ങളുടെ ഉപയോഗം പരിശോധിക്കുവാൻ കൈറ്റ് നടത്തിയ ഓഡിറ്റിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | ബി) ഹൈടെക് ക്ലാസ് മുറികളിലെ ഒന്നാംഘട്ട അവസ്ഥാ പഠനത്തിൽ താഴെപ്പറയുന്ന വിശദാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. സ്കൂളുകളിൽ നിലവിൽ 73333 അദ്ധ്യാപകർ (92%) ക്ലാസ് മുറികളിൽ പ്രൊജക്ടറുകളും ലാപ്ടോപ്പും ഉപയോഗിച്ച് പഠിപ്പിക്കുന്നു. 13489 അദ്ധ്യാപകർ 'സമഗ്ര' പോർട്ടലിലെ വിഭവങ്ങൾക്കുപുറമെ സ്വന്തമായി ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കുന്നു. 69611 അദ്ധ്യാപകർ സമഗ്ര പരിശീലനം നേടി പോർട്ടലിൽ അംഗത്വം എടുത്തിട്ടുണ്ട്.<br><br>1.79 ലക്ഷം കുട്ടികളിൽ നിന്നാണ് നേരിട്ട് ഹൈടെക് ക്ലാസുകളുടെ ഫലപ്രാപ്തിയെക്കുറിച്ച് വിവരശേഖരണം നടത്തിയത്. ഇതിൽ 92% കുട്ടികളും (1.61 ലക്ഷം) ക്ലാസ് മുറിയിൽ പ്രൊജക്ടർ, ലാപ്ടോപ്പ് എന്നിവ നന്നായി പ്രവർത്തിക്കുന്നു എന്ന് രേഖപ്പെടുത്തി. ക്ലാസ് മുറികളിൽ പ്രൊജക്ടറുകൾ ഉപയോഗിച്ച് ഡിജിറ്റൽ ഉള്ളടക്കം പ്രദർശിപ്പിക്കുമ്പോൾ എല്ലാവർക്കും നന്നായികാണാൻ കഴിയുന്നുവെന്ന് 1.68 ലക്ഷം കുട്ടികളും രേഖപ്പെടുത്തിയിട്ടുണ്ട്. |

ഈ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി വിജയപ്രദമാണെന്ന് കരുതുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ കൈറ്റ് നടത്തിയ പഠനത്തിന് ഉപരി, ഹൈടെക് പ്രവർത്തനങ്ങളുടെ അനന്തരഫലത്തെക്കുറിച്ച് പഠനം നടത്തുന്നതിന് വേൾഡ് ബാങ്ക് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| സി) ഓഡിറ്റിന്റെ അടിസ്ഥാനത്തിലുള്ള അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;അതിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | സി) ഐ.സി.ടി. ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച് കൈറ്റ് സർവ്വേ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ